# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പന്നിയന്നൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.9/960/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 07/10/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പന്നിയന്നൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പന്നിയന്നൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പന്നിയന്നൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.9/960/2021 തീയ്യതി: 07/10/2021

## കണ്ണൂർ ജില്ലയിലെ പന്നിയന്നൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പന്നിയന്നൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 04-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 04-08-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സാബു.പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 12-08-2021 | 27-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-08-2021 | 27-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ. ബാബുരാജ് മടപ്രത്ത് ( ഓഡിറ്റ് ഓഫീസർ , ഹ ഗ്രേ)
2. ശ്രീ. അനൂപ് കെ കെ ( അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
3. ശ്രീമതി.ശ്രീജ കെ (സീനിയർ ഗ്രേഡ് ഓഡിറ്റർ)
4. ശ്രീ.പ്രത്യൂഷ് എസ് (ഓഡിറ്റർ)

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ശൈലജ എ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീ. അശോകൻ സികെ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി.നിഷ അച്ചുതൻ | സെക്രട്ടറി | 01-04-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശിശിര എം പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.സബീന സൈനുദ്ദീൻ | കൃഷി ഓഫീസർ | 01-04-2020 | 08-09-2020 |
| ശ്രീ.സുനിൽകുമാർ കെ | കൃഷി ഓഫീസർ | 09-09-2020 | 13-10-2020 |
| ശ്രീമതി സുമയ്യ പി വി | കൃഷി ഓഫീസർ | 14-10-2020 | 31-03-2021 |
| ശ്രീമതി വിനീത കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.മധുസൂദനൻ പി | വി ഇ ഒ 1 | 01-04-2020 | 31-03-2021 |
| ശ്രീ. നിരൂപ് കുമാർ | വി ഇ ഒ 2 | 01-04-2020 | 31-03-2021 |
| ശ്രീമതി.രാധ.പി.എം. | ഹെഡ് മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ഡോ.രമ്യ ടി. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2020 | 02-07-2020 |
| ഡോ. അതുല്യ കെ. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 03-07-2020 | 31-03-2021 |
| ഡോ. സിതാര ധർമ്മരാജ് | മെഡിക്കൽ ഓഫീസർ, ജി.എ).ഡി. | 01-04-2020 | 31-03-2021 |
| ഡോ. വർഷ എൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ. നിഷ ചന്ദ്രൻ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |

12.11.2020 മുതൽ 29.12.2020 വരെയുള്ള കാലയളവിൽ ശ്രീ.പ്രദീപൻ.കെ, സെക്രട്ടറി, ശ്രീമതി.സുമയ്യ.പി.വി, കൃഷി ഓഫീസർ, ശ്രീമതി. ശിശിര.എം.പി, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ അടങ്ങിയ ഭരണനിർവ്വഹണ കമ്മിറ്റിയാണ് ഭരണം നിർവ്വഹിച്ചത്.

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Anoop K.K (Asst. Audit Officer, On 30-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 06-10-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Sreeja.K (Auditor, On 27-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 06-10-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Anoop K.K (Asst. Audit Officer, On 30-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 06-10-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Anoop K.K (Asst. Audit Officer, On 31-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 06-10-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Anoop K.K (Asst. Audit Officer, On 31-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 06-10-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Anoop K.K (Asst. Audit Officer, On 31-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 06-10-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Sreeja.K (Auditor, On 27-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 06-10-2021) | 1-7 |
| 8 | പെൻഷൻ വിതരണം- മരണപ്പെട്ട ഗുണഭോക്താക്കളെ യഥാസമയം ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കിയില്ല<br>Written By: Sreeja.K (Auditor, On 28-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 06-10-2021) | 1-7-1 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Sreeja.K (Auditor, On 27-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 06-10-2021) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Anoop K.K (Asst. Audit Officer, On 31-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 06-10-2021) | 1-9 |
| 11 | ലൈസൻസ് ഫീ കണക്കാക്കിയതിലെ അപാകങ്ങൾ<br>Written By: PRATHYOOSH S (Auditor, On 27-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 06-10-2021) | 1-10 |
| 12 | മോണിറ്ററിങ്ങ് -കാര്യക്ഷമമല്ല.<br>Written By: Baburaj (Audit Officer, On 29-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 06-10-2021) | 1-11 |
| 13 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ<br>Written By: Baburaj (Audit Officer, On 29-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-10-2021) | 1-12 |
| 14 | കൃഷിഭവനിലേക്ക് ഇൻവർട്ടർ വാങ്ങൽ അപാകങ്ങൾ -ചെലവ് തുക ₹53990 തടസ്സപ്പെടുത്തുന്നു.<br>Written By: Anoop K.K (Asst. Audit Officer, On 31-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 06-10-2021) | 1-13 |
| 15 | കൃഷിഭവന് കമ്പ്യൂട്ടർ നൽകൽ -കെൽട്രോണിന് അധികം നൽകിയ തുക ₹1468 തടസ്സപ്പെടുത്തുന്നു.<br>Written By: Anoop K.K (Asst. Audit Officer, On 31-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 06-10-2021) | 1-14 |
| 16 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Anoop K.K (Asst. Audit Officer, On 31-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 06-10-2021) | 1-15 |

| | | |
|---|---|---|
| 17 | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തി-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Baburaj (Audit Officer, On 29-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-10-2021) | 1-16 |
| 18 | തുല്യത പരീക്ഷ- ധനവിനിയോഗ പത്രിക ലഭ്യമാക്കിയില്ല.₹ 22500 തടസ്സപ്പെടുത്തുന്നു.<br>Written By: Sreeja.K (Auditor, On 27-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 06-10-2021) | 1-17 |
| 19 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അധികം അനുവദിച്ച 5000/- രൂപ തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Sreeja.K (Auditor, On 27-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 06-10-2021) | 1-18 |
| 20 | ഐ ഇ സി പ്രവൃത്തികൾ- ബോർഡ് സ്ഥാപിച്ചില്ല.₹44420 തടസ്സപ്പെടുത്തുന്നു.<br>Written By: Sreeja.K (Auditor, On 27-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 06-10-2021) | 1-19 |
| 21 | ഭക്ഷ്യവസ്തുക്കൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ലഭ്യമല്ല.₹237861 തടസ്സപ്പെടുത്തുന്നു.<br>Written By: Sreeja.K (Auditor, On 27-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 06-10-2021) | 1-20 |
| 22 | ശിശുമന്ദിരം കുട്ടികൾക്ക് കളിയുപകരണങ്ങൾ വാങ്ങൽ-അപാകങ്ങൾ<br>Written By: Sreeja.K (Auditor, On 27-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 06-10-2021) | 1-21 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അധികം അനുവദിച്ച 5000/- രൂപ തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Sreeja.K (Auditor, On 03-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 06-10-2021) | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Anoop K.K (Asst. Audit Officer, On 31-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-10-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Anoop K.K (Asst. Audit Officer, On 31-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-10-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Anoop K.K (Asst. Audit Officer, On 31-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 06-10-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Anoop K.K (Asst. Audit Officer, On 31-08-2021)<br>Last Updated By: Anoop K.K (Asst. Audit Officer, On 31-08-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Anoop K.K (Asst. Audit Officer, On 31-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 06-10-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Anoop K.K (Asst. Audit Officer, On 31-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 06-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| | Written By: Anoop K.K (Asst. Audit Officer, On 31-08-2021)<br>Last Updated By: Anoop K.K (Asst. Audit Officer, On 31-08-2021) | |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Anoop K.K (Asst. Audit Officer, On 31-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 06-10-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Anoop K.K (Asst. Audit Officer, On 31-08-2021)<br>Last Updated By: Anoop K.K (Asst. Audit Officer, On 31-08-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Anoop K.K (Asst. Audit Officer, On 31-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 06-10-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Anoop K.K (Asst. Audit Officer, On 31-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-10-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 3 | ഇൻകം ആന്റ് എക്സപന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

## 1-1 ബജറ്റ്

2020-2021 വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| ഭരണ സമിതിതീരുമാനം നമ്പർ/തീയ്യതി | 89/2020 തീ. 23.03.2020 | |
| പുതുക്കിയ തീരുമാനം നമ്പർ , തീയ്യതി | 49/2021 തീ. 22.02.2021 | |
| ഇനം | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ്പ്രകാരം |
| മുന്നിരിപ്പ് | 5780313.8 | 8195817.8 |
| വരവ് | 120079000 | 138744910 |
| ആകെ | 125859313.8 | 146940727.80 |
| ചെലവ് | 122477150 | 137389995 |
| നീക്കിയിരിപ്പ് | 3382163.8 | 9950732.8 |

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം സൂക്ഷിക്കുന്നില്ല

1. ബജറ്റ് പ്രസംഗം

2. ബജറ്റ് കുറിപ്പുകൾ

3. ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

5.ജെൻഡർ ബജറ്റ്

## 1-2 വാർഷിക ധനകാര്യ പത്രിക

ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 11.05.2021 തീയതിയിലെ 67/21നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച 2020-21 സാമ്പത്തിക വർഷത്തെ കണക്കുകൾ ഓഡിറ്റിന് ലഭിച്ചതിന്റെ വിവരം താഴെ കൊടുക്കുന്നു

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2021 | 18/05/2021 | തിരിച്ചയച്ചിട്ടില്ല | - |

ഓഡിറ്റിന്റെ ഭാഗമായി വാർഷിക കണക്കുകളുടെ പരിശോധന നടത്തി സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ.

1) കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.

2) 18-5-2016, 31-10-2016 എന്നീ തീയതികളിൽ ബാങ്കിൽ നേരിട്ട് ക്രഡിറ്റായ തുകയായ 10,000/- രൂപ, 3,041/- രൂപ നാളിതുവരെയായും പരിശോധിച്ച് രസീത് പുറപ്പെടുവിച്ച് കണക്കിലെടുത്തതായി കാണുന്നില്ല.

3) സ്റ്റോക്കിന്റെ മൂല്യം നിർണ്ണയിച്ച് നീക്കിയിരിപ്പ് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.(B-14 ഷെഡ്യൂൾ).

4) എം ജി എൻ ആർ ഇ ജി എസ് വരവ് ചെലവ് തുക വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുകയുമായി

പൊരുത്തപ്പെടുന്നില്ല.

5) വാർഷിക കണക്കുകളിലെ പൊരുത്തക്കേട് സംബന്ധിച്ച് കുറിപ്പുകൾ (Notes On Accounts) തയ്യാറാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 10139286.8 |
| വരവ് | 45453729 |
| ആകെ | 55593015.8 |
| ചെലവ് | 46622088 |
| നീക്കിയിരിപ്പ് | 8970927.8 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 360239 |
| ചെലവിനങ്ങളിലുള്ള നഷ്ടം | 5000 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ * | | 10880770 | 10880770 | 8492735 | 2388035 |
| വികസന ഫണ്ട് (എസ്.സി.പി) * | | 538000 | 538000 | 474477 | 63523 |
| മെയിന്റനൻസ് (റോഡ് )* | | 3779000 | 3779000 | 3725530 | 53470 |
| മെയിന്റനൻസ് (നോൺ-റോഡ് ) * | | 3456681 | 3456681 | 3403843 | 52838 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 6612553 | 6612553 | 6424999 | 187554 |
| പെർഫോർമൻസ് ഗ്രാന്റ് | | 3910000 | 3910000 | 1972220 | 1937780 |
| സാക്ഷരത | 72296 | 2304 | 74600 | 0 | 74600 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | |
| ഐ സി ഡി എസ് | 371900 | 507846 | 879746 | 777674 | 102072 |
| എസ് സ് എ | 217 | 0 | 217 | 0 | 217 |
| ശുചിത്വ മിഷൻ | 525068 | 2247425 | 2772493 | 539420 | 2233073 |
| ബി ഫണ്ട് | | 46649451 | 46649451 | 46649451 | |
| ദുരിതാശ്വാസ നിധി | 55355 | 12757 | 68112 | 13500 | 54612 |

ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ശുചിത്വ മിഷൻ ഫണ്ട് നീക്കിയിരിപ്പ് B4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 149 | 43638673 | 130 | 28430527 | 14 | 19 | 78 |

(ബി) ഫണ്ടുകൾ വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം

| ഫണ്ട് | വകയിരുത്തിയത് | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| ജനറൽ | 10030929 | 8492735 | 85 |
| എസ്.സി.പി | 538000 | 474477 | 88 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 8953928 | 8397219 | 94 |
| ബ്ലോക്ക് വിഹിതം | 3849743 | 466935 | 12 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 755000 | 339095 | 45 |
| ഗ്രാമ പഞ്ചായത്ത് വിഹിതം | 700000 | 0 | 0 |
| കേന്ദ്രാവിഷ്കൃതം | 3112335 | 1167094 | 37 |
| സംസ്ഥാനാവിഷ്കൃതം | 164000 | 0 | 0 |
| തനത് ഫണ്ട് | 3316896 | 1841743 | 55 |
| സംരക്ഷണഗ്രാന്റ് റോഡ് | 5712235 | 3725530 | 65 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 3633129 | 3403843 | 93 |
| മറ്റുള്ളവ | 2872458 | 121856 | 4 |
| ആകെ | 43638673 | 28430527 | 65 |

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 26 | 22 | 5843921 | 4460484 | 76.32 |
| 2 | അസിസ്റ്റന്റ് എഞ്ചിനീയർ | 47 | 38 | 14577716 | 10937074 | 75.02 |
| 3 | അഗ്രിക്കൾച്ചർ ഓഫീസർ | 13 | 13 | 1401240 | 1230522 | 87.81 |
| 4 | മെഡിക്കൽ ഓഫീസർ (PHC) | 7 | 7 | 2519343 | 2276136 | 90.34 |
| 5 | മെഡിക്കൽ ഓഫീസർ (Ayu) | 2 | 1 | 640000 | 600000 | 93.75 |
| 6 | വെറ്റിനറി സർജ്ജൻ | 10 | 10 | 1736000 | 1014839 | 58.45 |
| 7 | അസിസ്റ്റന്റ് സെക്രട്ടറി | 11 | 10 | 651278 | 510422 | 78.37 |
| 8 | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 7 | 7 | 3380050 | 3197989 | 94.61 |
| 9 | വി.ഇ.ഒ. | 16 | 12 | 9909125 | 2405335 | 24.27 |
| 10 | ഹെഡ്മാസ്റ്റർ | 8 | 8 | 1210000 | 1177590 | 97.32 |
| 11 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 1230000 | 260016 | 21.13 |

| | | | | | | |
|---|---|---|---|---|---|---|
| 12 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 540000 | 360000 | 66.66 |
| ആകെ | | 149 | 130 | 43638673 | 28430527 | 65.14 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | റീഫണ്ട് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ഭരണചെലവുകൾ | 247375 | 600587 | 847962 | 837336 | 9500 | 1126 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 19957144 | 19957144 | 19957144 | - | |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 2949900 | 221 |
| തൊഴിൽ രഹിത വേതനം | 0 | 0 |
| വിധവാ പെൻഷൻ | 13794300 | 913 |
| വാർധക്യകാല പെൻഷൻ | 232252000 | 1803 |
| വികലാംഗ പെൻഷൻ | 3707400 | 257 |
| അവിവാഹിത പെൻഷൻ | 2353300 | 162 |
| വിവാഹ ധനസഹായം | 3000000 | 10 |

## 1-7-1 പെൻഷൻ വിതരണം- മരണപ്പെട്ട ഗുണഭോക്താക്കളെ യഥാസമയം ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കിയില്ല

പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിലെ മരണ രജിസ്റ്റർ അടിസ്ഥാനമാക്കി, ഈ ഓഫീസിൽ നിന്നും ക്ഷേമ പെൻഷൻ കൈപ്പറ്റി വന്നിരുന്നതും മരണപ്പെട്ടവരുമായ ഏതാനും വ്യക്തികളുടെ വിവരങ്ങൾ സേവന വെബ്സൈറ്റിൽ പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ടതിന്റെ ശേഷവും അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ പെൻഷൻ തുക ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ |
|---|---|---|---|---|
| ജാനകിയമ്മ | 564019373877 | 111550600312 | 07.08.2020 | 08/2021 വരെ വിധവാ പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |
| അംബുജാക്ഷി | 926214290385 | 111550200162 | 05.09.2020 | 08/2021വരെ വാർദ്ധക്യപെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |
| ബാലൻ. കെ | 871043818929 | 111550200318 | 17.12.2020 | 12/2020 മുതൽ 6/2021 വരെ തുക കൈമാറിയിട്ടില്ല. എന്നാൽ 7/2021, 08/2021 എന്നീ മാസങ്ങളിൽ വാർദ്ധക്യ പെൻഷൻ സഹകരണ ബാങ്കിന് കൈമാറിയിട്ടുണ്ട്. |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയെ (നം. 19 തീയതി 27-8-21) തുടർന്ന് മൂന്ന് പേരുടെയും പെൻഷൻ റദ്ദാക്കിയിട്ടുണ്ട്. ധനവകുപ്പിന്റെ 26.07.18-ലെ സർക്കുലർ നമ്പർ 69/18 പ്രകാരം മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്തവരുടേയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാതു മാസം ഡാറ്റാ ബേസിൽ

നിന്ന് ഒഴിവാക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കണമെന്നും സെക്രട്ടറി സേവന സോഫ്റ്റ് വെയറിൽ നിന്ന് സസ്പെന്റ് ചെയ്യാൻ നടപടി സ്വീകരിക്കണമെന്നും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. സർക്കുലറിലെ നിർദ്ദേശം പാലിച്ച്കൊണ്ട് മരണപ്പെട്ടവരുടെ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-08-2021 തീയതി 3.00 PM മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹35663യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1.ഗ്രാമ പഞ്ചായത്തിൽ ജീവനക്കാരുടെ പ്രതിമാസ യോഗം ചേർന്ന് പ്രവർത്തനപുരോഗതി , നികുതി പിരിവ്, ഫ്രണ്ട് ഓഫീസ് പ്രവർത്തനം, പൊതുജന സേവനങ്ങളുടെ കാര്യക്ഷമത വർധിപ്പിക്കൽ തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്തു പോന്നിട്ടുണ്ട്. തനത് വരവുകൾ സംബന്ധമായ റജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ സൂക്ഷിച്ചു പോരുന്നുണ്ട്.

2.കാഷ്വൽ ലീവ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

3.പ്രധാനപ്പെട്ട ഉത്തരവുകൾ സ്റ്റാഫ് മീറ്റിംഗിൽ ചർച്ചചെയ്യുന്നുണ്ട്

4.വർക്കിംഗ് ഗ്രൂപ്പുകളൊന്നും തന്നെ പ്രോജക്ടുകൾ അവലോകനം ചെയ്യുകയോ,മോണിറ്ററിംഗ് സമിതിയെന്ന നിലയിൽ പുരോഗതി വിലയിരുത്തുകയോ ചെയ്തതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. നിക്ഷിപ്ത ചുമതലകൾ നിർവഹിക്കുന്നുണ്ടെന്ന് അതാത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയുള്ള സ്റ്റാൻഡിംഗ് കമ്മിറ്റികൾ ഉറപ്പു വരുത്തേണ്ടതാണ്.

## 1-10 ലൈസൻസ് ഫീ കണക്കാക്കിയതിലെ അപാകങ്ങൾ

കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, കച്ചവടങ്ങൾക്കും മറ്റ് സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7 പട്ടിക 2 ൽ 31 -10 -2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം സേവന മേഖലയിൽ 50 ലക്ഷം രൂപയിൽ കൂടുതലും 2 കോടി രൂപയിൽ കവിയാത്തതുമായ മൂലധന നിക്ഷേപമുള്ള സ്ഥാപനത്തിൽ നിന്നും ഈടാക്കാവുന്ന വാർഷിക ലൈസൻ സ് ഫീസ് 5000/- രൂപയാണ് . എന്നാൽ താഴെ പറയുന്ന 50 ലക്ഷം രൂപയ്ക്ക് മുകളിൽ മൂലധന നിക്ഷേപം കണക്കാക്കിയിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും 2000/- രൂപ വീതമേ ഈടാക്കിയിട്ടുള്ളൂ .

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | മൂലധന നിക്ഷേപം |
|---|---|---|
| 1 | സേഫ് വേ സർവീസ് സ്റ്റേഷൻ | 70 ലക്ഷം |
| 2 | പോണ്ടി മെറിഡിയൻ | 55 ലക്ഷം |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കിട്ടിയ മറുപടിയിൽ വാർഡ് ക്ലാർക്കുമാർ മൂലധന നിക്ഷേപം കണക്കാക്കിയതിൽ പിശക് വന്നിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. ആയതിനാൽ ഫീൽഡ്തല പരിശോധന നടത്തി യഥാർത്ഥ മുടക്കു മുതൽ കണക്കാക്കേണ്ടതും അതിനനുസരിച്ചുള്ള ലൈസൻസ് ഫീ ഈടാക്കേണ്ടതുമാണ്.

## 1-11 മോണിറ്ററിങ്ങ് -കാര്യക്ഷമമല്ല.

സ.ഉ.(കൈ) നം.11/2018/തസ്വഭവ തീയതി 29.01.2018 ഖ.13(1) മുതൽ (6) വരെ മോണിറ്ററിങ്ങുമായി ബന്ധപ്പെട്ട നടപടികൾ പ്രതിപാദിക്കുന്നുണ്ട്. ഇതനുസരിച്ച് പദ്ധതികളുടെ ഫലപ്രദമായ മോണിറ്ററിങ്ങ് നടത്തുകയെന്നത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. അതിനായി പദ്ധതി രൂപീകരണ ശേഷം വർക്ക് ഗ്രൂപ്പുകൾ മോണിറ്ററിങ് കമ്മിറ്റി ആയി പ്രവർത്തിക്കേണ്ടതാണെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. മോണിറ്ററിങ്ങ് കമ്മിറ്റികൾ യോഗം ചേർന്ന് റിപ്പോർട്ട് തയ്യാറാക്കി നിർവഹണ ഉദ്യോഗസ്ഥർക്കും ഭരണസമിതിക്കും നൽകേണ്ടതുണ്ട് . നിർവഹണം പൂർത്തിയാകുന്ന ഘട്ടത്തിൽ തന്നെ എല്ലാ നിർ വഹണ ഉദ്യോഗസ്ഥരും പൂർത്തീകരണ പത്രം സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കേണ്ടതാണ്. പദ്ധതിയുടെ ലക്ഷ്യങ്ങളും നേട്ടങ്ങളും പൂർത്തീകരണ പത്രത്തിൽ വ്യക്തമായി രേഖപ്പെടുത്തണമെന്നും നിർദേശിച്ചിട്ടുണ്ട്. എന്നാൽ പന്ന്യന്നൂർ ഗ്രാമ പഞ്ചായത്തിലെ പ്രോജക്ടുകളോടൊപ്പം പ്രവൃത്തിയുടെ പൂർത്തീകരണ പത്രികയോ മോണിറ്ററിങ്ങ് കമ്മറ്റിയുടെ റിപ്പോർട്ടോ ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ടുകളുടെ കൃത്യമായ നിർവഹണം നടക്കുന്നുവെന്നുറപ്പ് വരുത്താൻ കൃത്യമായ മോണിറ്ററിങ്ങ് അനിവാര്യമാണ്. എല്ലാ പ്രോജക്ടുകളുടെയും അനുബന്ധമായി മോണിറ്ററിങ്ങ് റിപ്പോർട്ട് സൂക്ഷിക്കേണ്ടതാണ്.

## 1-12 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

സംസ്ഥാനത്ത് കോവിഡ് 19 സ്ഥിരീകരിച്ച സാഹചര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നിർദേശപ്രകാരമുള്ള പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നം.3)യുടെ മറുപടിയായി താഴെ പറയുന്ന വിവരങ്ങൾ പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ 15 വാർഡുകളിലും വളണ്ടിയർമാരെ സജ്ജമാക്കുകയും അവർക്കുള്ള പരിശീലനങ്ങളും നിർദ്ദേശങ്ങളും നല്കുകയുമുണ്ടായി. എല്ലാ വാർഡുകളിലും ആർ.ആർ.ടി.കൾ രൂപീകരിച്ചു. എല്ലാ വീട്ടുകളിലും വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ ആർ.ആർ.ടി. അംഗങ്ങൾ ഉൾപ്പെടെ സന്ദർശിച്ച് ബോധവൽക്കരണം നടത്തി. നോട്ടീസ് വിതരണവും നടന്നു. 'ബ്രേക്ക് ദ ചെയിൻ' മുദ്രാവാക്യം നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി. സന്നദ്ധപ്രവർത്തകരിൽ നിന്നും ലഭ്യമാക്കിയ മാസ്ക്, സാനിറ്റൈസർ, മറ്റ് അനുബന്ധ സാധനങ്ങൾ എന്നിവയുടെ വിതരണം നടത്തുകയുമുണ്ടായി. പഞ്ചായത്ത് പരിധിയിലെ എല്ലാ ഓഫീസുകളും വ്യാപാര വ്യവസായ സ്ഥാപനങ്ങളും അഗ്നിസുരക്ഷാ വകുപ്പിന്റെ സഹായത്തോടെ അണുനശീകരണം നടത്തുകയുണ്ടായി. എല്ലാ വാർഡുകളിലും വിവിധ ഘട്ടങ്ങളിലായി മൈക്ക് അനൗൺസ്മെന്റ് നടത്തിയിട്ടുണ്ട്. വാർഡുകളിൽ സേഫ്റ്റി കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം ഊർജിതമാക്കി. പ്രായമായവരുടെയും രോഗികളുടെയും വിവരങ്ങൾ ശേഖരിക്കുകയും ആവശ്യമായ മരുന്നുകളും മറ്റ് അവശ്യവസ്തുക്കളും വളണ്ടിയർമാർ മുഖേന വിതരണം ചെയ്യുകയും ചെയ്തു. അവശ്യസാധനങ്ങൾ ഹോം ഡെലിവറി നടത്താനുള്ള സംവിധാനം ഏർപ്പെടുത്തി. പഞ്ചായത്ത് പരിധിയിൽ നാല് പൊതു ക്വാറന്റൈൻ കേന്ദ്രങ്ങൾ പ്രവർത്തന സജ്ജമാക്കി. ഈ കേന്ദ്രങ്ങളിൽ പ്രസിഡണ്ട്, ഭരണസമിതി അംഗങ്ങൾ എന്നിവർ സന്ദർശിക്കുകയും വിവരശേഖരണം നടത്തുകയും ചെയ്തിട്ടുണ്ട്. അതിഥി തൊഴിലാളികളുടെ കാര്യത്തിലും പ്രത്യേക ശ്രദ്ധ ഉണ്ടായിരുന്നു. കമ്മ്യൂണിറ്റി കിച്ചൻ വഴി ഭക്ഷണവിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. പ്രതിരോധ പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുത്ത 75 വളണ്ടിയർമാരുടെ സേവനം ലഭ്യമാക്കിയിരുന്നു. മാർച്ച് 27 മുതൽ മെയ് 24 വരെ 59 ദിവസം പ്രവർത്തിച്ച് 6842 പേർക്ക് ഭക്ഷണം വിതരണം ചെയ്തു. പണമായും സാധനങ്ങൾ ആയും ഒട്ടേറെ ആളുകളുടെ സംഭാവനകൾ ലഭ്യമായിട്ടുണ്ട്. കല്യാണം, ഗൃഹപ്രവേശനം തുടങ്ങിയവ പഞ്ചായത്തിനെ അറിയിക്കുകയും ഉദ്ദേശിക്കുന്ന ആളുകൾ മാത്രം പങ്കെടുക്കുന്നു എന്ന് ഉറപ്പ് വരുത്തുകയും ചെയ്തു. എസ്എസ്എൽ സി, പ്ലസ് ടു പരീക്ഷ എഴുതുന്ന മുഴുവൻ വിദ്യാർത്ഥികളുടെയും വീട്ടുകൾ സന്ദർശിച്ചു. അവർക്ക് മാസ്കും മറ്റു സൗകര്യങ്ങളും ലഭ്യമാക്കുകയുമുണ്ടായി. ഈ രീതിയിൽ കോവിഡ് 19 പ്രതിരോധിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നല്ല നിലയിൽ ഏറ്റെടുത്തു നടത്താൻ കഴിഞ്ഞിട്ടുണ്ട്.

## 1-13 കൃഷിഭവനിലേക്ക് ഇൻവർട്ടർ വാങ്ങൽ അപാകങ്ങൾ -ചെലവ് തുക ₹53990 തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പ്രോജക്ട് നമ്പർ: 119-/ 2020-21

പ്രോജക്ടിന്റെ പേര്: കൃഷിഭവനിലേക്ക് ഇൻവർട്ടർ വാങ്ങൽ

അടങ്കൽ: ₹ 60000 സംരക്ഷണ ഫണ്ട് റോഡിതരം

ചെലവ് തുക : ₹53990

ബിൽ റഫറൻസ് നമ്പർ : 20220752009100058613/11..04.2020 ₹53990

അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിന് വേണ്ടി കൃഷിഭവന് ഇൻവർട്ടർ വാങ്ങിനൽകുന്നതിനാണ് ഈ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്.പി ഡബ്ല്യൂ ഡി ഇലക്ട്രോണിക്സ് വിഭാഗത്തിൽ നിന്നുള്ള തീയ്യതി നമ്പർ എന്നിവ രേഖപ്പെടുത്താത്ത എസ്റ്റിമേറ്റ് പ്രകാരമുള്ള ഇൻവർട്ടർ വാങ്ങുന്നതിന് ₹53990 മുകളിൽ പരാമർശിച്ച ബിൽ പ്രകാരം നൽകിയിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുത്ത യൂണിവേഴ്സൽ പവർ സൊല്യൂഷൻ എന്ന സ്ഥാപനമാണ് ഇവോയ്സ് നമ്പർ 164/09.032020 പ്രകാരം ഇൻവർട്ടർ സപ്ലൈ ചെയ്തിട്ടുള്ളത്. എന്നാൽ ഇത് പി ഡ ബ്ല്യൂ ഡി നിശ്ചയിച്ച സ്പെസിഫിക്കേഷൻ പ്രകാരം ഉള്ളതു തന്നെയാണ് എന്ന് തെളിയിക്കുന്നതിന് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2.ഇൻവർട്ടറിന്റെ വാറന്റി സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

3.ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

4.സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ - 06/2020-21 തീയ്യതി 12.08.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽകാരണങ്ങളാൽ ചെലവ് തുക ₹53990 തടസ്സപ്പെടുത്തുന്നു.

## 1-14 കൃഷിഭവന് കമ്പ്യൂട്ടർ നൽകൽ -കെൽട്രോണിന് അധികം നൽകിയ തുക ₹1468 തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പ്രോജക്ട് നമ്പർ: 143/ 2020-21

പ്രോജക്ടിന്റെ പേര്: കൃഷിഭവന് കമ്പ്യൂട്ടർ നൽകൽ

അടങ്കൽ: ₹ 45000 സംരക്ഷണ ഫണ്ട് റോഡിതരം

ചെലവ് തുക : ₹31545

ബിൽ നമ്പർ : 20220752009101214454/08..03.2021 ₹31545

പൊതുജനസേവനം മെച്ചപ്പെടുത്തുന്നതിന് വേണ്ടി കൃഷിഭവന് കമ്പ്യൂട്ടർ വാങ്ങി നൽകുന്നതിനാണ് ഈ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. കെൽട്രോണിൽ നിന്നുള്ള 03.03.2021 തീയ്യതിയിലെ PROFORMA INVOICE No. TVM/ITBG/PI/RC/23063/20-21 പ്രകാരമുള്ള തുക ₹31545 മുകളിൽ പരാമർശിച്ച ബിൽ പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ ടാക്സ് ഇൻവോയ്സ് , ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കാത്തതിനാൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ - 06/2020-21 ന് മറുപടിയായി ACER INDIA PRIVATE LTD യുടെ 20.07.2021 തീയ്യതിയിലെ PYSI21015187 ഇൻവോയ്സ് ഹാജരാക്കിയിട്ടുണ്ട്. ഇതിൽ കമ്പ്യൂട്ടറിന്റെ ആകെ വിലയായി ₹30077 ആണ് പ്രതിപാദിച്ചിരിക്കുന്നത്. ആയതിനാൽ അധികം നൽകിയ തുക ₹1468 കെൽട്രോണിൽ നിന്നും തിരികെ ലഭ്യമാക്കേണ്ടതാണ്. 02.08.21 ന് മാത്രം ലഭ്യമാക്കിയതിനാൽ കമ്പ്യൂട്ടർ ഇൻസ്റ്റാൾ ചെയ്തിട്ടില്ല എന്നും കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ കമ്പ്യൂട്ടർ ഇൻസ്റ്റാൾ ചെയത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കെൽട്രോണിന് അധികം നൽകിയ തുക ₹1468 ന്റെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-15 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

പ്രോജക്ട് നമ്പർ: 24-/ 2020-21

പ്രോജക്ടിന്റെ പേര്: പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

അടങ്കൽ: ₹ 287500 വികസന ഫണ്ട്,:₹ 287500 ഗുണഭോക്തൃ വിഹിതം.

ആകെ: ₹ 575000

ചെലവ് തുക : ₹ 287500 (വികസന ഫണ്ട്)

ബിൽ റഫറൻസ് നമ്പർ :1) 12022075200850073217O/13.11.2020 ₹287500

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം പഞ്ചായത്ത് വിഹിതമായ ₹287500 എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർ, സ്പെഷ്യൽ ലൈവ് സ്റ്റോക്ക് ബ്രീഡിംഗ് പ്രോഗ്രാം കണ്ണൂർ ന് നൽകിയിട്ടുണ്ട് (A/C-71901140000006). പദ്ധതി പ്രകാരം തെരഞ്ഞെടുത്ത 4-6 മാസം പ്രായമുള്ള 30 കന്നുകുട്ടികൾക്ക് കാലിതീറ്റ വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയാണിത്. പഞ്ചായത്തിലെ മനേക്കര ക്ഷീരോൽപാദക സഹകരണ സംഘത്തെയാണ് കാലിത്തീറ്റ വിതരണം ചെയ്യുന്നതിന് തെരഞ്ഞെടുത്തിരിക്കുന്നത്. എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും ലഭിച്ച വിനിയോഗ സാക്ഷ്യപത്രം , പദ്ധതി പുരോഗതി റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 0/20-21 തീയ്യതി 12.08.2021 ന് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ച ഉടനെ ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-16 കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തി-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പൈപ്പ് ലൈനിന്റെ എക്സ്റ്റൻഷൻ പ്രവൃത്തിക്കായുള്ള പ്രോജക്ട് നം.150/2020-21 പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ 500000/- രൂപ നിക്ഷേപിച്ചിട്ടുണ്ട് (ബിൽ നം. 18/2020-21-ധനകാര്യ കമ്മീഷൻ അവാർഡ്). പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരമോ പൂർത്തീകരണ സാക്ഷ്യപത്രമോ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-17 തുല്യത പരീക്ഷ- ധനവിനിയോഗ പത്രിക ലഭ്യമാക്കിയില്ല.₹ 22500 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | 47/20-21തുല്യത പരീക്ഷ |
| നിർവ്വഹണഉദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ് |
| അടങ്കൽ | ₹46850 തനത് ഫണ്ട് |
| ചെലവ് | ₹42400 ചെക്ക് നം 5577352/15-3-21 |

മേൽ പ്രൊജക്ട് പ്രകാരം പത്താം തരം തുല്യത പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത ആറ് പേരുടെ കോഴ്സ് ഫീസായ 11100/-(1850*6) രൂപയും പ്ലസ് ടു തുല്യത പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത നാലു പേരുടെ കോഴ്സ് ഫീസായ 8800/- (2200*4) രൂപയും ഗുഡ് ഇംഗ്ലീഷ് കോഴ്സിനു ചേർന്ന ഒൻപത് പേരുടെ ഫീസായ 22500/- (9*2500) രൂപയും സാക്ഷരത മിഷന് കൈമാറിയിട്ടുണ്ട്. എന്നാൽ ഗുഡ് ഇംഗ്ലീഷ് കോഴ്സിനു നൽകിയ തുകയുടെ കൈപ്പറ്റ് രസീത്, ധനവിനിയോഗ പത്രിക എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ₹22500 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അധികം അനുവദിച്ച 5000/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | 12/20-21പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| നിർവ്വഹണഉദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ് |
| അടങ്കൽ | ₹150000 വികസന ഫണ്ട്(എസ് സി പി) |
| ചെലവ് | ₹100000 ബിൽ നം- 2/20-21 /11-11-20<br>₹45000 ബിൽ നം- 5/19-20 /19-2-21 |

മേൽ പ്രൊജക്ട് പ്രകാരം 7 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ ശ്രീ.വൈഷ്ണവ് വി വി എന്ന വിദ്യാർത്ഥി പന്ന്യന്നൂർ ITI ൽ പഠിക്കുന്നതായാണ് സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ജി.ഒ.(എംസ്) 22/2018/തസ്വഭവ തീ 14-2-18 പ്രകാരം ബിരുദം/പോളിടെക്നിക് ൽ പഠിക്കുന്നവർക്ക് 20000/- രൂപയും മറ്റ് സർക്കാർ അംഗീകൃത കോഴ്സ് പഠിക്കുന്നവർക്ക് 15000/- രൂപയുമാണ് അനുവദിക്കേണ്ടത്. ആയത് പ്രകാരം ITI ലെ സർട്ടിഫിക്കേറ്റ് കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥിക്ക് 15000/- രൂപ അനുവദിക്കേണ്ടതിനു പകരം 20000/- രൂപ അനുവദിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10തീയതി 16-8-21) ലഭ്യമാക്കിയ മറുപടിയിൽ അധികമായി അനുവദിച്ച 5000/- രൂപ തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക തിരികെ ഈടാക്കി അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-19 ഐ.ഇ സി പ്രവൃത്തികൾ- ബോർഡ് സ്ഥാപിച്ചില്ല.₹44420 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | 162/21 ഐ ഇ സി പ്രവൃത്തികൾ |
| നിർവ്വഹണഉദ്യോഗസ്ഥൻ | വി ഇ ഒ |
| അടങ്കൽ | ₹50,000 (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ചെലവ് | ₹44420 ചെക്ക് നം 011967 Dtd 30-3-21 |

വിവര വിജ്ഞാപനം വഴി ശുചിത്വ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം 44420/- രൂപ ചെലവഴിച്ച് ഫിഡ്കോ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും ശുചിത്വ സന്ദേശം അടങ്ങിയ പത്ത് സൈൻ ബോർഡുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ സൈൻ ബോർഡുകൾ തിരഞ്ഞെടുത്ത പ്രദേശങ്ങളിൽ സ്ഥാപിക്കാതെ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചതായി കാണുന്നു.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9 തീയതി 16-8-21) ലഭ്യമാക്കിയ മറുപടിയിൽ ബോർഡുകൾ ഉടൻ സ്ഥാപിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. എന്നാൽ കൃഷി ഓഫീസർ കൺവീനറായിട്ടുള്ള മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടിൽ ശുചിത്വ അവബോധം ജനങ്ങളിൽ എത്തിക്കാൻ സാധിച്ചുവെന്നും പദ്ധതി വിജയകരമായി

പൂർത്തിയാക്കിയെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബോർഡുകൾ സ്ഥാപിക്കാതെ ശുചിത്വ അവബോധം എപ്രകാരമാണ് ജനങ്ങളിൽ എത്തിക്കാൻ സാധിച്ചതെന്ന് വ്യക്തമല്ല.പദ്ധതിയുടെ യഥാർത്ഥ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് വിലയിരുത്താതെയാണ് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.ഓരോ പദ്ധതിയുടെയും നിർവ്വഹണ പുരോഗതിയും ഭൗതികനേട്ടവും വിലയിരുത്തുന്നതിനായി ഫലപ്രദമായ മോണിറ്ററിംഗ് സംവിധാനം ഉണ്ടാവേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു. പദ്ധതി ലക്ഷ്യം പൂർത്തീകരിക്കാത്തതിനാൽ ₹44420 തടസ്സപ്പെടുത്തുന്നു.

## 1-20 ഭക്ഷ്യവസ്തുക്കൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ലഭ്യമല്ല.₹237861 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | അങ്കണവാടി പോഷകാഹാര വിതരണം |
| നിർവ്വഹണഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| അടങ്കൽ<br><br><br>ആകെ | ₹1322100 വികസന ഫണ്ട്<br>₹800000 കേന്ദ്രാവിഷ്കൃത ഫണ്ട്<br>₹2300 തനത് ഫണ്ട്<br>₹2124400 |
| ചെലവ്<br><br><br>ആകെ | ₹1322100 വികസന ഫണ്ട്<br>₹777674 കേന്ദ്രാവിഷ്കൃത ഫണ്ട്<br>₹2300 തനത് ഫണ്ട്<br>₹2102074 |

ബിൽ നം- 1/20-21/ തീയതി 24-6-2020 പ്രകാരം പോഷകാഹാര വിതരണത്തിനായി ചെലവഴിച്ച 780726/- രൂപയിൽ 237861/- രൂപ 3213കി.ഗ്രാം ഭക്ഷ്യ വസ്തുക്കളുടെ വിലയായി മനേക്കര മാവേലി സ്റ്റോറിന് നൽകിയിട്ടുണ്ട്. വാങ്ങിയ ഭക്ഷ്യവസ്തുക്കൾ സ്റ്റോക്കിലെടുത്തതിന്റെയും അങ്കണവാടികൾക്ക് വിതരണം ചെയ്തതിന്റെയും രേഖകൾ ലഭ്യമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 13 തീയതി 24-8-21) ലഭ്യമാക്കിയ മറുപടിയിൽ ഭക്ഷ്യവസ്തുക്കൾ അങ്കണവാടിയിൽ കിട്ടിയതായുള്ള രേഖകൾ പിന്നീട് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ ₹237861 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 ശിശുമന്ദിരം കുട്ടികൾക്ക് കളിയുപകരണങ്ങൾ വാങ്ങൽ-അപാകങ്ങൾ

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | 174/21 ശിശുമന്ദിരം കുട്ടികൾക്ക് കളിയുപകരണങ്ങൾ വാങ്ങൽ |
| നിർവ്വഹണഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| അടങ്കൽ | ₹24725 വികസന ഫണ്ട് |
| ചെലവ് | ₹24725 ബിൽ നം- 20/20-21/23-3-21 |

ശിശുമന്ദിരം കുട്ടികൾക്ക് കളിയുപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതിയുടെ ഭാഗമായി കളിയുപകരണങ്ങൾ വാങ്ങുന്നതിനോടൊപ്പം പ്ലേ ടൂൾ കമ്പനിയുടെ 3 ഫൈബർ ബെഞ്ചുകൾ കൂടി 9000/- രൂപയ്ക്ക് (@3000) അനു ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഐ സി ഡി എസ് സൂപ്പർവൈസർ തൻവർഷം നടപ്പാക്കിയ 154/21 നമ്പർ പ്രൊജക്ട് പ്രകാരം ടെണ്ടർ ക്ഷണിച്ച് അനു ഏജൻസീസിൽ നിന്നും ഇതേ കമ്പനിയുടെ 31 ഫൈബർ ബെഞ്ചുകൾ ഒന്നിന് 2695/- രൂപ നിരക്കിൽ അങ്കണവാടികൾക്ക് വാങ്ങി നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ-ജി.ഒ(പി) നം. 259/2010/ത.സ്വ.ഭ.വ തിയതി 08.11.2010,ഖ.2 പ്രകാരം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടേയും സേവനങ്ങളുടേയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ഉചിതമായ നടപടിക്രമമനുസരിച്ച് വാങ്ങൽ നടപടി ആരംഭിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഫൈബർ ബെഞ്ചുകൾ വാങ്ങുന്നതിനായി പ്രത്യേകം പ്രൊജക്ട് തയ്യാറാക്കിയ സാഹചര്യത്തിൽ സാധനങ്ങളുടെ ആവശ്യകത മുൻകൂട്ടി കണ്ട് കൊണ്ട് ശിശുമന്ദിരത്തിലേക്കു കൂടി പ്രസ്തുത പ്രൊജക്ടിൽ ഉൾപ്പെടുത്തി ഫൈബർ ബെഞ്ചുകൾ വാങ്ങേണ്ടുന്നതിനു പകരം ഒരേ സ്ഥാപനത്തിൽ നിന്നു തന്നെ ഒരേ കമ്പനിയുടെ സാധനങ്ങൾ കൂടിയ നിരക്കിൽ വാങ്ങിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്ന്

അറിയിച്ചു കൊണ്ട് നൽകിയ എൻക്വയറിക്ക് (നം 14 തീയതി 24-8-21) ലഭ്യമാക്കിയ മറുപടിയിൽ ആദ്യത്തെ പ്രൊജക്ട് തയ്യാറാക്കുമ്പോൾ ഫണ്ട് കുറവായതിനാലാണ് നിശ്ചിത എണ്ണം മാത്രം വാങ്ങിയതെന്നും പിന്നീട് മറ്റൊരു പ്രൊജക്ട് നടപ്പിലാക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ ആ ഫണ്ട് ഉപയോഗിച്ചാണ് ശിശുമന്ദിരം കുട്ടികൾക്ക് കളിയുപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതി നടപ്പാക്കിയതെന്നും അറിയിച്ചിട്ടുണ്ട്. സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്ന വേളയിൽ വാങ്ങേണ്ടി വരുന്ന സാധനങ്ങളുടേയും സേവനങ്ങളുടേയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തി ധനവിനിയോഗത്തിൽ മിതവ്യയം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അധികം അനുവദിച്ച 5000/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | 12/20-21 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| നിർവ്വഹണഉദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ് |
| അടങ്കൽ | ₹150000 വികസന ഫണ്ട് (എസ് സി പി) |
| ചെലവ് | ₹100000, ബിൽ നം- 2/20-21 /11-11-20<br>₹45000, ബിൽ നം- 5/19-20 /19-2-21 |

മേൽ പ്രൊജക്ട് പ്രകാരം 7 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ ശ്രീ. വൈഷ്ണവ് വി വി എന്ന വിദ്യാർത്ഥി പന്ന്യന്നൂർ ITI ൽ പഠിക്കുന്നതായാണ് സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ജി.ഒ.(എംസ്) 22/2018/ തസ്വഭവ തീ 14-2-18 പ്രകാരം ബിരുദം/ പോളിടെക്നിക് ൽ പഠിക്കുന്നവർക്ക് 20000/- രൂപയും മറ്റ് സർക്കാർ അംഗീകൃത കോഴ്സ് പഠിക്കുന്നവർക്ക് 15000/- രൂപയുമാണ് അനുവദിക്കേണ്ടത്. ആയത് പ്രകാരം ITI ലെ സർട്ടിഫിക്കേറ്റ് കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥിക്ക് 15000/- രൂപ അനുവദിക്കേണ്ടതിനു പകരം 20000/- രൂപ അനുവദിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10തീയതി 16-8-21 ) ലഭ്യമാക്കിയ മറുപടിയിൽ അധികമായി അനുവദിച്ച 5000/- രൂപ തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക തിരികെ ഈടാക്കി അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 06.08.2021 | കെ.എസ്.എ./കെ.എൻ.ആർ./സി-9/960 തീയതി 7.10.2021 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | ലഭിച്ച തുക | പ്രോജക്ട് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2000000 | 9/21 ലൈഫ് ഭവനപദ്ധതി | 0 | 2000000 |
| | | | | |

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1293200 | 171/21ലൈഫ് ഭവനപദ്ധതി എസ് സി | 0 | 1293200 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | 83/20 സാന്ത്വന പരിപാലനം | 97835 | 2165 |
| ബ്ലോക്ക് പഞ്ചായത്ത് | 43 | 115/21 സാന്ത്വന പരിപാലനം | 0 | 43 |
| ബ്ലോക്ക് പഞ്ചായത്ത് | 34000 | 38/21 നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 34000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 42500 | 40/20 പച്ചക്കറി കൃഷിക്ക് കൂലിചെലവ് സബ്സിഡി | 42500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 180000 | 107/20 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 180000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 200000 | 26/21 ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 112600 | 87400 |
| ജില്ലാ പഞ്ചായത്ത് | 125000 | 83/21 സാന്ത്വന പരിപാലനം | 0 | 125000 |
| ജില്ലാ പഞ്ചായത്ത് | 33000 | 88/21 സ്വയം പര്യാപ്ത ഗ്രാമം മഞ്ഞൾ കൃഷി | 30000 | 3000 |
| ജില്ലാ പഞ്ചായത്ത് | 180000 | 107/21 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 0 | 180000 |
| ജില്ലാ പഞ്ചായത്ത് | 200000 | 26/21 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 162550 | 37450 |
| ജില്ലാ പഞ്ചായത്ത് | 53000 | 115/21സാന്ത്വനപരിപാലനം | 24450 | 28550 |
| ജില്ലാ പഞ്ചായത്ത് | 164000 | 129/21വീട്ടുവളപ്പിൽ മത്സ്യകൃഷി | 122095 | 41905 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെഡബ്ല്യൂഎ | കുടിവെള്ള പൈപ്പ് ലൈൻ കണക്ഷൻ | 500000 | പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 500000 |

വാർഷിക കണക്കുകളിലെ ബി.1 ഷെഡ്യൂളിൽ ഈ തുക ഉൾപ്പെട്ടതായി കാണുന്നില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ലോൺ | എൽ എഫ് 511/18 തീയ്യതി 02.01.2019 | 830122 | 343249 | 175529 | - | 167720 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 20000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | സർട്ടിഫിക്കറ്റ് നമ്പർ | തുക |
|---|---|---|---|
| 1 | മലബാർ ടൂറിസം ഡവലപ്മെന്റ് സൊസൈറ്റി | 4433 | 20000 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | 2003-04 | 3.13.17 | മറ്റുപരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 45453729 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 46622088 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 5000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 360239 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-18 | - | 5000 | രാധ പി എം, ഹെഡ്മിസ്ട്രസ് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 53990 | സബീന സൈനുദ്ദീൻ, കൃഷി ഓഫീസർ |
| 1-14 | 1468 | സുമയ്യ പി, കൃഷി ഓഫീസർ |
| 1-17 | 22500 | രാധ പി എം, ഹെഡ്മിസ്ട്രസ് |
| 1-19 | 44420 | നിരൂപ് കുമാർ ,വി ഇ ഒ |
| 1-20 | 237861 | വിനീത കെ, ഐ സി ഡി എസ് സൂപ്പർവൈസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സബീന സൈനുദ്ദീൻ, കൃഷി ഓഫീസർ | കൃഷിഭവൻ, കടമ്പനാട് | തൊമിലാഴത്ത് ഹൗസ്, ഇടക്കുളങ്ങര പി ഒ കൊല്ലം |
| സുമയ്യ പി കൃഷി ഓഫീസർ | കൃഷിഭവൻ, പന്ന്യന്നൂർ | കല്ലിങ്കൽ ഹൗസ് |
| രാധ പി എം, ഹെഡ്മിസ്ട്രസ് | വിരമിച്ചു | കേളോത്ത് ഹൗസ്, നിട്ടൂമ്പ്രം, ചൊക്ലി |
| നിരൂപ് കുമാർ ,വി ഇ ഒ | വി ഇ ഒ, പാനൂർ ബ്ലോക്ക് | ലഭ്യമല്ല |
| വിനീത കെ , ഐ സി ഡി എസ് സൂപ്പർവൈസർ | ഐ സി ഡി എസ് സൂപ്പർവൈസർ, പന്ന്യന്നൂർ | കല്ലുള്ളതിൽ ഹൗസ് കരിയാട് സൗത്ത് പിഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 | കെ എസ് എ /കെ എൻ ആർ/സി9/726/2019 തീയതി 7.6.2019 | 1 | |
| 1999-00 | കെ എസ് എ /കെ എൻ ആർ/സി9/726/2019 തീയതി 7.6.2019 | 4 | |
| 2000-01 | കെ എസ് എ /കെ എൻ ആർ/സി9/726/2019 തീയതി 7.6.2019 | 2 | |
| 2001-02 | കെ എസ് എ /കെ എൻ ആർ/സി9/726/2019 തീയതി 7.6.2019 | 1 | |
| 2003-04 | കെ എസ് എ /കെ എൻ ആർ/സി9/726/2019 തീയതി 7.6.2019 | 3 | |
| 2004-05 | കെ എസ് എ /കെ എൻ ആർ/സി9/726/2019 തീയതി 7.6.2019 | 3 | |
| 2005-06 | കെ എസ് എ /കെ എൻ ആർ/സി9/726/2019 തീയതി 7.6.2019 | 1 | |
| 2006-07 | കെ എസ് എ /കെ എൻ ആർ/സി9/726/2019 തീയതി 7.6.2019 | 10 | |
| 2007-08 | കെ എസ് എ /കെ എൻ ആർ/സി9/726/2019 തീയതി 7.6.2019 | 2 | |
| 2008-09 | കെ എസ് എ /കെ എൻ ആർ/സി9/726/2019 തീയതി 7.6.2019 | 1 | |
| 2009-10, 2010-11 | കെ എസ് എ /കെ എൻ ആർ/സി9/726/2019 തീയതി 7.6.2019 | 5 | |
| 2011-12, 2012-13 | കെ എസ് എ /കെ എൻ ആർ/സി9/726/2019 തീയതി 7.6.2019 | 7 | |
| 2013-14, 2014-15 | കെ എസ് എ /കെ എൻ ആർ/സി9/726/2019 തീയതി 7.6.2019 | 4 | |
| 2015-16 | കെ എസ് എ /കെ എൻ ആർ/സി9/726/2019 തീയതി 7.6.2019 | 6 | |
| 2016-17 | കെ എസ് എ /കെ എൻ ആർ/സി9/726/2019 തീയതി 7.6.2019 | 8 | |
| 2017-18 | കെഎസ്എ /കെ എൻ ആർ/സി9/ 1030/2019 തീയതി 30.8.2019 | 8 | |
| 2018-19 | കെ.എസ്.എ./കെ.എൻ.ആർ./സി.9/268/2020 തീയതി 11.06.2020 | 8 | |
| 2019-20 | കെ.എസ്.എ./കെ.എൻ.ആർ./സി.9/959/2021 തീയതിഃ | | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ പന്നിയന്നൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ പന്നിയന്നൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annex3-1

## റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| | Panniyannur Grama Panchayat RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 10135635.80 |
| Cash | Cash | RP-40(a) | 3651.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 801330.00 |
| 140000000 | Fees & User Charges | RP-4 | 441774.00 |
| 150000000 | Sale & Hire Charges | RP-5 | 109268.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 35435641.00 |
| 171000000 | Interest Earned | RP-9 | 129075.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 4508765.00 |
| 350000000 | Other Liabilities | RP-36 | 87902.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 64641.00 |
| 310000000 | Panchayat Fund | RP-28 | 0.0 |
| 311000000 | Earmarked Funds | RP-29 | 12757.00 |
| 340000000 | Deposits Received | RP-34 | 160919.00 |
| 350000000 | Other Liabilities | RP-36 | 179210.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3522447.00 |
| | Grand total | | 55593015.80 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2151745.00 |
| 220000000 | Administrative Expenses | RP-12 | 1305449.00 |
| 230000000 | Operations & Maintenance | RP-13 | 673867.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 2725158.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 10147346.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 446222.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 756437.00 |
| 254000000 | Expenditures of Transferred institutions and State | RP-19 | 592551.00 |

| | | | |
|---|---|---|---|
| | Sponsored Schemes | | |
| 255000000 | Maintenance Projects | RP-20 | 3990176.00 |
| 280000000 | Prior Period item | RP-26 | -44143.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 85171.00 |
| 350000000 | Other Liabilities | RP-36 | 5283890.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 3026.00 |
| 280000000 | Prior Period Item | RP-26 | -2500.00 |
| 311000000 | Earmarked Funds | RP-29 | 13500.00 |
| 340000000 | Deposits Received | RP-34 | 110120.00 |
| 350000000 | Other Liabilities | RP-36 | 2056384.00 |
| 410000000 | Fixed Assets | RP-38 | 7026983.00 |
| 412000000 | Capital work in Progress | RP-40 | 2031431.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 6274963.00 |
| 460000000 | Loans, Advances and Deposits | RP-47 | 994312.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 8878789.80 |
| Cash | Cash | RP-40(b) | 92138.00 |
| | Grand Total | | 55593015.80 |

## Annex3-2

## ഇൻകം ആൻറ് എക്സപന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Panniyannur Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 4188294.00 |
| 140000000 | Fee & User Charges | I-4(b) | 644274.00 |
| | | | |

| | | | |
|---|---|---|---|
| 150000000 | Sale & Hire Charges | I-5(b) | 109268.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 105096165.00 |
| 171000000 | Interest Earned | I-8 | 129075.00 |
| 180000000 | Other Income | I-9 | 64642.00 |
| | Total Income | | 110231718.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9626628.00 |
| 220000000 | Administrative Expenses | I-11(b) | 1424523.00 |
| 230000000 | Operations & Maintenance | I-12(b) | 821814.00 |
| 240000000 | Interest & Finance Charges | I-13 | 3026.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 2767558.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 31791196.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 580590.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 756437.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 46649451.00 |
| 255000000 | Maintenance Projects | I-14(e) | 4025495.00 |
| 272000000 | Depreciation | I-17(a) | 4743587.00 |
| | Total Expenditure | | 103190305.00 |
| | Gross Surplus/ Deficit of income over Expenditure | | 7041413.00 |
| 280000000 | Prior Period Item | I-18 | -7540.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 7048953.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## Annex3-3

## ബാലൻസ് ഷീറ്റ്

| | | | |
|---|---|---|---|
| | Panniyannur GramaPanchayat BALANCESHEET | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 13829325.90 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 54612.00 |
| | | | |

| | | | |
|---|---|---|---|
| 312000000 | Reserves | B-3 | 55083801.00 |
| | Total Reserve & Surplus | | 68967738.90 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 4080050.00 |
| | Total Grants, Contributions for Specific Purposes | | 4080050.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 167720.00 |
| | Total Loans | | 167720.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 165335.00 |
| 350000000 | Other Liabilities | B-9 | 1086121.90 |
| | Total Current Liabilities and Provisions | | 1251456.90 |
| | TOTAL LIABILITIES | | 74466965.80 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 79027448.00 |
| 411000000 | Accumulated Depreciation | B-11 | -22027353.00 |
| 412000000 | Capital Work in Progress | B-11(a) | 758547.00 |
| | Total Fixed Assets | | 57758642.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 20000.00 |
| | Total Investments | | 20000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 6313807.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 8970927.80 |
| | | | |
| 460000000 | Loans, Advances and Deposits | B-18 | 1403589.00 |
| | Total Current Assets, Loans and Advances | | 16688323.80 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 74466965.80 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.